**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *6 — 23.01.2018 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ മേഖലയുടെ സമഗ്ര പുരോഗതിയ്ക്കും സ്വകാര്യ കോർപ്പറേറ്റ് ആധിപത്യം കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്ന ആർദ്രം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | ➢ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്മാരുടേയും ഡോക്ടർമാരുടെയും, ലാബ് ടെക്നീഷ്യൻമാരുടെയും, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ആകെ കൂടി 830 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പു വരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പടെ |

| | | | |
|---|---|---|---|
| | | | ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>➤ പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ നിന്നും G.O(Rt)773/17/H&FWD datd 22.03.2017 സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.<br>➤ എല്ലാ മെഡിക്കൽ കോളേജിലെ ഒ.പി.കളും രോഗി സൗഹൃദമാക്കി മാറ്റുന്നതിനുള്ള കരാർ നൽകിക്കഴിഞ്ഞു.<br>➤ രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറായിക്കഴിഞ്ഞു. |
| (ബി) | സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആശുപത്രികളിൽ രോഗീസൗഹൃദ അന്തരീക്ഷം • സൃഷ്ടിക്കുന്നതിനുമുള്ള പരിപാടിയുടെ വിശദവിവരം നൽകുമോ; | (ബി) | ➤ ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.<br>➤ ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക<br>➤ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക<br>➤ രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക<br>➤ ഒ.പി.വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, |

| | | | |
|---|---|---|---|
| | | | ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യ ഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.<br><br>➢ വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക് തല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനർക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>➢ മെഡിക്കൽ കോളേജിലെ online appointment നൽകി നിശ്ചിത സമയത്ത് രോഗികളെ പരിശോധിക്കുക.<br><br>➢ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവുംലഭ്യമാക്കുക എന്നതും, വാർഡ്തല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | ഉയർന്ന തലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ് ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | പ്രാഥമിക തലത്തിൽ രോഗ നിർണ്ണയം സാധ്യമാക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളും അതിനുവേണ്ട ലബോറട്ടറി സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എത്ര മാത്രം സാധ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | തെരെഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ലബോറട്ടറി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 170 ലാബ്ടെക്നീഷ്യൻമാരുടെയും 150 ഫാർമസിസ്റ്റുമാരുടെയും തസ്തിക സൃഷ്ടിക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ